ഇനത്തിലും ഉണ്ടായ ചെലവുകളും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

2014-15 സാമ്പത്തിക വർഷം

ഇനം	ബഡ്ജറ്റ് എസ്റ്റിമേറ്റ്	2014 സെപ്റ്റംബർ വരെയുള്ള കണക്കുകൾ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം)
		(രൂപ കോടിയിൽ)
(എ) റവന്യൂ അക്കൗണ്ടിലെ വികസന ചെലവുകൾ	40,765.09	18,308.92
(ബി) റവന്യൂ അക്കൗണ്ടിലെ വികസന ഇതര ചെലവുകൾ	31,208.95	14,731.85
ആകെ റവന്യൂ ചെലവുകൾ	71,974.04	33,040.77

(സി) 2014-15 സാമ്പത്തിക വർഷത്തെ ആദ്യപകുതി പിന്നിട്ടപ്പോൾ റവന്യൂ ചെലവ് ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്തതിന്റെ 46 ശതമാനമായിട്ടുണ്ട്.

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ അധിക ജോലി

218 (558) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള നാഷണൽ സേവിംഗ്സ് ഏജന്റുമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിൽ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് ജോലിക്കൂടി അവരുടെ ജോലിക്കൊപ്പം ചെയ്യുന്നതിന് ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വീട്ടിൽനിന്നും മറ്റൊരു വീട്ടിലെത്താൻ ചിലപ്പോൾ കിലോമീറ്റർ കളോളം നടന്നുപോയി കളക്ഷൻ എടുക്കുന്നവരാണ് നാഷണൽ സേവിംഗ്സ് ഏജന്റുമാർ എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly.

(സി) എങ്കിൽ വാട്ടർ മീറ്റർ റീഡിംഗ് എടുക്കുവാൻ സ്ത്രീകളും അബലകളായവരുമായ ഇവരെ നിയമിക്കാൻ കാരണമെന്തായിരുന്നു ; അറിയിക്കുമോ ; ഇപ്രകാരം ചെയ്യുന്നതിലൂടെ ദേശീയ സമ്പാദ്യ പദ്ധതി തകർക്കപ്പെട്ടും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 2011 നവംബർ മാസം വരെ കേന്ദ്ര സർക്കാർ നൽകുന്ന കമ്മീഷനു പുറമെ സംസ്ഥാന സർക്കാർ അലവൻസും ബോണസ്സും നൽകിയിരുന്നു. കേന്ദ്ര സർക്കാരിന്റെ 25-11-2011 തീയതിയിലെ F1/12/2011-NS-II സർക്കുലർ പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകിവന്നിരുന്ന കമ്മിഷൻ നിർത്തലാക്കിയിരുന്നു. പിന്നീട് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രവർത്തനം മറ്റു മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഏജന്റുമാരുടെ സേവനം മറ്റു മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിങ്ങിനായി നിയോഗിച്ചത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 16-6-2012 തീയതിയിലെ സ.ഉ.(സാധ) നമ്പർ 5933/2012/ധന ഉത്തരവ് അനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രവർത്തനം മറ്റു മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുന്നതിന്റെ ഭാഗമായാണ് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ വാട്ടർ മീറ്റർ റീഡിങ്ങിന് എടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ അധിക ജോലി നൽപര്യമുള്ള ഏജന്റുമാർമാത്രം ചെയ്താൽ മതിയാകുന്നതാണ്. ഇപ്രകാരം ചെയ്യുന്നതിലൂടെ ദേശീയ സമ്പാദ്യ പദ്ധതി തകർക്കപ്പെട്ടും എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly